# ‘ദൈവവിളി’

## ഉൽപത്തി 12:1

‘‘യഹോവ അബ്രഹാമിനോട് അരുളിചെയ്തതെന്തെന്നാൽ, നീ നിന്റെ ദേശത്തെയും, ചാർച്ചക്കാരെയും, പിതൃഭവനത്തെയും വിട്ടു പുറപ്പെട്ടു ഞാൻ കാണിക്കാനിരിക്കുന്ന ദേശത്തേക്കു പോകുക.’’

അബ്രഹാമിന 75 വയസ്സുള്ളപ്പോൾ ദൈവത്തിൽ നിന്നും ലഭിച്ച ഒരു അരുളപ്പാടാണ് നാം കണ്ടത്. ദൈവത്തോട് കൂടി ഏകനായി പുറപ്പെടുവാനായിരുന്നു വിളി. ആരുടെയും മുഖം നോക്കാതെ, ആരോടും അഭിപ്രായം ചോദിക്കാതെ, തന്റെ പ്രായത്തെപ്പോലും നോക്കാതെ ദൈവശബ്ദം അനുസരിച്ച് അബ്രഹാം യാത്ര പുറപ്പെട്ടു. മറ്റുള്ളവരോട് അഭിപ്രായം ചോദിക്കാൻ നിന്നിരുന്നെങ്കിൽ ഒരു പക്ഷെ പലരും പലതും പറഞ്ഞ് അവനെ നിരുത്സാഹപ്പെടുത്തുമായിരുന്നേനെ.

അങ്ങനെ ഒരു അരുളപ്പാട് നമ്മോടാണ് ദൈവം തന്നിരുന്നതെങ്കിൽ നാം എന്ത് ചെയ്യുമായിരുന്നു. യേശുവിനെ അനുഗമിക്കുവാൻ ക്ഷണിക്കപ്പെട്ടവരിലൊരാൾ, അപ്പന്റെ മരണവും ശവസംസ്കാരവും കഴിഞ്ഞ് വരാമെന്നു പറഞ്ഞു. മറ്റൊരാൾ വീട്ടുകാരുടെ അഭിപ്രായം തേടി. എന്നാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശുമെടുത്ത് എന്നെ അനുഗമിക്കുക എന്നാണ് യേശുവിൽ നിന്ന് അവർക്കുണ്ടായ അരുളപ്പാട്.

നമുക്കും അബ്രഹാമിനെപ്പോലെ ആരുടെയും മുഖം നോക്കാതെ ദൈവശബ്ദം അനുസരിച്ച് ജീവിക്കാൻ ശ്രമിക്കാം. ചിലപ്പോൾ ആശയത്തിലും പ്രവൃത്തിയിലും നാം ഒറ്റപ്പെട്ട് പരിഹാസപാത്രമായി എന്നു വരാം. ഓരോ ദിവസവും ദൈവശബ്ദം ശ്രവിച്ചുകൊണ്ട് ആരംഭിക്കാൻ കൃപ തരേണമേ എന്നു പ്രാർത്ഥിക്കാം. തിരുവചനത്തിലൂടെ കേൾക്കുന്ന ദൈവശബ്ദത്തെ അവഗണിക്കാതെ ജീവിക്കാൻ ശ്രമിക്കുമ്പോൾ തീർച്ചയായും ദൈവം അനുഗ്രഹിക്കുക തന്നെ ചെയ്യും. ‘നീ ഒരു അനുഗ്രഹമായിരിക്കും...’ എന്ന് അബ്രഹാമിനോട് പറഞ്ഞ ദൈവം നമ്മേയും തന്റെ കൃപയിൽ വഴി നടത്തും.

പരാമർശം :

മത്തായി 16:24–25

‘ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും.’’

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 024